©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2026 ഫെബ്രുവരി 18
18th February 2026
1201 കുംഭം 6
6th Kumbham 1201
1947 മാഘം 29
29th Magha 1947

നമ്പർ
No.
673

1961 ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരമുള്ള പരസ്യം

റഫ്.നം: KIIFB/53/2024-B 06.02.2026

കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിൽ കണ്ണൂർ 2 വില്ലേജിൽ തീരദേശ പാത റീച്ച് 3 സ്പെച്ച് 2 (പ്രഭാത് ജംഗ്ഷൻ മുതൽ പയ്യാമ്പലം വരെ) തീരദേശ ഹൈവേ നിർമിക്കുന്നതിന് R.F.C.T.L.A.R.R. Act, 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സ്ഥലം ഏറ്റെടുപ്പിന്റെ ഭാഗമായി ഇതോടൊപ്പമുള്ള പട്ടികയിലെ ഭൂമി സർവ്വേ നടത്തണമെന്ന് സർക്കാർ നിർദേശിച്ചിരിക്കുന്നതിനാൽ താഴെപറയുന്ന വില്ലേജിൽ സർവ്വേ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും സർവ്വേ നമ്പർ അതിർത്തി തിരിച്ച് സർവ്വേ ചെയ്യുന്നതാണെന്നും 1961 ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴെപറയുന്ന ഭൂമിയുടെ ഉള്ളിലൊ അഥവാ അവയോട് ചേർന്നോ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമിയിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ, ഏജൻറ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വേയറുടെ അടുത്ത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഹാജരാകുന്നതിനും, അതോട് ബന്ധപ്പെട്ട വിവരങ്ങൾ നല്കുന്നതിനും വേണ്ടി അതാത് സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചു കൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6(2) വകുപ്പ് പ്രകാരം ഈ പരസ്യം താഴെ പറയുന്ന ഭൂമിയിൽ അവകാശം ബന്ധമുള്ള ഏതൊരാൾക്കും സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6(3) വകുപ്പ് പ്രകാരം റജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും.

എ) സർവ്വേ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യം ഉണ്ടായേക്കാവുന്ന വല്ല മരങ്ങളോ, കുറ്റിക്കാടുകളോ, വേലികളോ നില്ക്കുന്ന വിളകളോ അഥവ സാരവത്തായ മറ്റ് തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ച് കളയുകയോ, നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റ് ലൈനുകളോ വെടിപ്പാക്കണമെന്നും.

ബി) കൊടിപിടിക്കുന്നവരെയും, ചെയിൻമാൻമാരെയും നിയോഗിച്ച് അതാത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും.

സി) അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മറ്റ് പ്രകാരത്തിൽ പ്രസ്തുത ആക്ടോ, അത് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വേയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപറഞ്ഞ എ) മുതൽ സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ടി ജോലി കൂലി പണിക്കാരെ കൊണ്ട് ചെയ്യിക്കുന്നതിനും ആയതിന്റെ ചെലവ് ആക്ടിലും അത് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതു പോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതാണ്.

തീരദേശ ഹൈവേ എടക്കാട് –പയ്യാമ്പലം സ്കെച്ച് 1

ജില്ല	താലൂക്ക്	വില്ലേജ്	വാർഡ്	ബ്ലോക്ക് നം	T S NO
കണ്ണൂർ	കണ്ണൂർ	കണ്ണൂർ I	II	4	127,128
കണ്ണൂർ	കണ്ണൂർ	കണ്ണൂർ I	II	3	82,112,125,126

തീരദേശ ഹൈവേ എടക്കാട് –പയ്യാമ്പലം സ്കെച്ച് 2

ജില്ല	താലൂക്ക്	വില്ലേജ്	ബ്ലോക്ക് നം	സർവ്വെ .നം.
കണ്ണൂർ	കണ്ണൂർ	കണ്ണൂർ II	block 1	59,72,76,77,85,102,105,106,107,108,109,227,228,229,232,236,259,262,300,303,319,322,356,357,365

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കണ്ണൂർ	കണ്ണൂർ	കണ്ണൂർ II	block 2	1,3,4,9,15,16,18,21,27,34,54,58,60,84,85,86,87,91,93,98,99,100 110
കണ്ണൂർ	കണ്ണൂർ	കണ്ണൂർ II	block 3	1,165,229,245,256

സ്പെഷ്യൽ തഹസിൽദാർ

എൽ എ യൂണിറ്റ്കിഫ്ബി കണ്ണൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.18 03:17:15 +05:30